**320**

എത്രയോ ശ്രേഷ്ഠനായവൻ
ക്രിസ്തുതാനെന്നുറച്ചു പാടുവിൻ
നിത്യനാശം നീക്കിഭാഗ്യം
മർത്ത്യനേകുവാൻ കഴിഞ്ഞ ശക്തനാമവൻ

1 ശ്രേഷ്ഠരാം മനുജരൊക്കെ മൺമറഞ്ഞുപോം
മൃത്യുവെ ജയിച്ചുയിർത്തതേശുമാത്രമാം
നിത്യരാജൻ നിസ്തുലാഭൻ
ക്രിസ്തുനാഥനെത്രയെത്ര ശ്രേഷ്ഠനാം മഹാൻ!-

2 ഏകനായ് അതിശയങ്ങൾ ചെയ്തിടുന്നവൻ
ഏവനും വണങ്ങിടേണം തന്റെ പാദത്തിൽ
ഏതു നാവും ഏറ്റുചൊല്ലും
യേശുക്രിസ്തു കർത്തനെന്നു ദൈവമഹിമയ്ക്കായ്-

3 തുല്യമായ് ഇല്ല മറ്റുനാമമൊന്നുമേ
തെല്ലുമേയലസരായിടാതെ തൻജനം
നല്ലനാമം ക്രിസ്തുനാമം
ചൊല്ലണം തൻവല്ലഭത്വം ഭൂവിലറിയട്ടെ-

**T.K.S.**